# കാലത്തിന്റെ ചുമർചിത്രങ്ങൾ

## ഡോ.ദേശമംഗലം രാമകൃഷ്ണൻ

ഞാനീലോകത്തൊരു അപരിചിതൻ
ജീവിതത്തിന്റെ ഗദ്യം ഞാൻ കവിതയായിവിടെ കുറിക്കുന്നു
ഗദ്യത്തിനുള്ളിൽ ജീവിതത്തിന്റെ കവിത നിറയ്ക്കുന്നു
അങ്ങനെ ഞാനൊരപരിചിതൻ.
മരണം എന്നെ കീഴടക്കി എന്റെ ജന്മനാട്ടിലേക്ക്
ഏറ്റിക്കൊണ്ടു പോകുന്നതുവരെ മാത്രം
ഞാനൊരപരിചിതൻ

(ഖലീൽ ജിബ്രാൻ)

മരണം എല്ലാ മുഖങ്ങൾക്കും ഒരേ ഛായ പകരുന്നു. ജീ വിതത്തിന്റെ മുഖങ്ങളാകട്ടെ എന്നും അപരിചിതമാണ്. ഒരിക്കലും തെളിഞ്ഞുകിട്ടാത്ത വൈരുധ്യങ്ങളുടെ കലക്ക മാണ് ലോകം. ആത്മീയവും ധാർമികവുമായ അന്വേഷണ ത്തിന്റെ അനന്തമായി അകലുന്ന പ്രപഞ്ചപ്പൊരുളെന്ന പ്ര ഹേളിക- അതിന്റെ വിവിധ മണ്ഡലങ്ങളിലൂടെ എന്നുമുള്ള ഈ ഉഴറൽ, കന്മഷദുരാഗ്രങ്ങളുടെ യുദ്ധക്കളങ്ങൾ. അവതരി ച്ചുകൊണ്ടിരിക്കുന്ന രക്ഷകവിഗ്രഹങ്ങൾ, വിഗ്രഹഭഞ്ജകൻ മാർ, മരുഭൂമികൾ ഉണ്ടാകുന്നത് എന്തുകൊണ്ട് എന്ന് ചിന്തി ക്കാൻ തോന്നിയിട്ടില്ലാത്ത വാണിജ്യ മനസ്സുകൾ... ഈ പരു പരുപ്പിൽ നിന്ന് ലയത്തിന്റെ ധാര സൃഷ്ടിക്കുവാനാണ് കവി ശ്രമിക്കുന്നത്. പുറത്തെ കലഹങ്ങൾക്കിടയിൽ കവിമാത്രമല്ല അപരിചിതൻ. ആരും ആരെയും അറിയുന്നില്ല. അറിവാണ് രഞ്ജന. അതറിയുന്നവൻ കവി.

എല്ലാവരും കവിത്വത്തിലേയ്ക്കുയരുന്ന ഒരു കാലം ഉണ്ടാകുമോ? അടുത്തടിവെച്ചു പിടിക്കുവാൻ നോക്കെ/അക ലേയ്ക്കു പായും വെളിച്ചമേ നിന്നെ/ശരിക്കു സാത്വികക്കറുകി യേകി ഞാൻ/മെരുക്കുവാൻ നോക്കും മരിക്കുവോളവും (പി. കുഞ്ഞിരാമൻ നായർ)-ഇണക്കത്തിനായുള്ള ത്വര ഒരിക്കലും സഫലമാകുന്നില്ല. അതിലെത്തിച്ചേരും മുമ്പുള്ള പിണക്ക ങ്ങളെ, പിണച്ചിലുകളെ. വൈരുധ്യാത്മക സൗന്ദര്യബോധ ത്തോടെ ആവിഷ്കരിക്കുന്ന കവിയാണ് ശിവദാസ് പുറമേരി.

ചൂഴ്ന്നെടുക്കപ്പെട്ട കണ്ണിലെ
അനന്തമായ സിരാപടലങ്ങളിൽ നിന്ന്
അറുതിയില്ലാത്ത ഒരു കവിത
മരണത്തിന്റെ ഭൂഗർഭങ്ങളിൽ നിന്ന്
വാർദ്ധക്യത്തിന്റെ ഒരു നെറ്റിക്കണ്ണ്

(മൂന്നാംകണ്ണ്)

സമന്വയത്തിനായുള്ള ദാഹമുണ്ട്. ദേശകാലത്തിന്റെ അതിർത്തികൾ മാഞ്ഞുപോകുന്ന വിധത്തിലുള്ള പുനഃസൃ ഷ്ടികൊണ്ടേ അത് സാധിക്കൂ. ജരാനരകൾക്കും മനസ്സിന്റെ മരണത്തിനും ഇടയ്ക്ക്, തുറന്നിരിക്കുന്ന തരുണചേതനയുടെ കണ്ണാണ് കവി തേടുന്നത്. പാഞ്ഞൊളിക്കുന്ന വെളിച്ചങ്ങളെ അറുതിയില്ലാത്ത കവിതയായി തിരികെപ്പിടിച്ചെടുക്കാൻ കഴിയുന്ന ഒരു കണ്ണ്. ആധിപത്യശക്തികളുടെ ചൂഴ്ന്നെടുക്ക ലുകളെ അതിജീവിച്ചു നിൽക്കുന്ന ഒരു ദർശനവിശേഷമാണ് ഇവിടെ കവി നേത്ര രൂപകങ്ങളിലൂടെ പ്രകാശിപ്പിക്കുന്നത്. മൃതിയിൽ നിന്ന് ജീവിതത്തെ, ജീവിതത്തിൽ നിന്ന് ഹൃദയ ത്തെ, ഹൃദയത്തിൽ നിന്ന് വാക്കിനെ, വാക്കിൽ നിന്ന് വഴിയെ കണ്ടെടുക്കുവാൻ ഏറെ നരകം

അനുഭവിക്കേണ്ടതുണ്ട്. (മൂ ന്നാം ചുവട്) വഴിവെട്ടുന്നവനാണ് കവി എന്ന് കക്കാട്. പെരുവഴി വേണോ, പുതുവഴി വേണോ? പുതുവഴി വഴിപാടിനു മാത്രമാവുന്ന ഇന്നത്തെ അനുഷ്ഠാനക്കളരിയിൽ ഈ കവി അംഗത്വമെടുത്തിട്ടില്ല. പുതുവഴികളെക്കുറിച്ചുള്ള വിഭ്രാന്തികൾ നിറഞ്ഞ മനസ്സ് ഈ കവിക്കുണ്ട്. കലക്കങ്ങൾ വിട്ട് സ്വന്തമായൊരു വഴി തെളിക്കാൻ പറ്റുമെന്നതിന്റെ അട യാളങ്ങൾ ഈ സമാഹാരത്തിലുണ്ട്. അടഞ്ഞ ആഴങ്ങളല്ല അടയാളങ്ങൾ. ആഴങ്ങളുടെ അടുത്തുവരെ എത്തിയതി ന്റെയും ചില ആഴങ്ങളുടെ ഉള്ളിൽ, മരണത്തിന്റെ ഭൂഗർഭങ്ങളി ലൂടെയെന്നോണം, ചെന്ന് സ്വന്തം പേരു കൊത്തിവെയ്ക്കാൻ ശ്രമിച്ചതിന്റെയും സൂചനകൾകാണാം. മൃതിക്കും ജീവിതത്തി നും ഇടയിലാണ് ഓരോ കവിതയുടെയും ജനനം. മൃതിയുടെ നിശ്ചലദേശത്ത് ജീവിതത്തിന്റെ ചലനാത്മകകാലം ആവാഹി ക്കാനുള്ള യത്നവുമാണത്.

മിത്രതയെഴുതിയ വരികൾ, വരികൾ-
ക്കിടയിൽ മുറ്റിവളർന്നൊരു മൗനം
(മൂന്നാംചുവട്)

വാക്കും മൗനവും തകർന്നടിഞ്ഞ
പ്രാചീന തുറമുഖം
(കവിമുഖം)

ശത്രുതയിൽ നിന്നല്ല, ജീവിതത്തിന്റെ ചലനം; മതങ്ങളും തത്ത്വശാസ്ത്രങ്ങളും നിരുപാധികമായ കവിതയായി വികസിക്കുമ്പോഴേ താളം അനുഭവപ്പെടൂ. എല്ലാം തുറന്നു പറയുന്നില്ല കവിത. പാതിതുറന്ന വാതിലുകൾപോലെ, താ ക്കോൽപഴുതുകൾപോലെ, ചിലപ്പോൾ താക്കോൽപോലെ. വരികൾക്കിടയിൽ മുഴങ്ങാൻ കാത്തിരിക്കുന്ന മൗനങ്ങളുണ്ടാവും. മിത്രതയുള്ള ഹൃദയങ്ങൾക്കേ അവ മുഴങ്ങിക്കിട്ടൂ, അതിനാൽ കവി വാക്കും മൗനവും തകർന്നടിഞ്ഞ പ്രാചീന തുറമുഖങ്ങളിൽ നിന്ന് പുരാവശിഷ്ടത്തിൽനിന്ന്, പുരാബിം ബത്തിൽ നിന്ന്, പുരാവസ്തുവിൽ നിന്ന്, പുരാമുഖത്തിൽ നിന്ന് പുതിയ മനുഷ്യരുടെ സ്ഥലകാലങ്ങളിലേക്ക് കുതിക്കു കയാണ് എപ്പോഴും. സ്നേഹസമ്പർക്കങ്ങളുടെ ഭാഷകൾ മറ ന്ന് ആളൊഴിഞ്ഞ അരങ്ങത്ത്, അപരിചിതമായ പ്രാചീന ലിപി കൾ കൊണ്ട് പ്രാണനുഴിഞ്ഞിരിക്കേണ്ടി വരിക ഒരു ദുരന്ത മാണ്. എന്നാൽ മിത്രത നിറഞ്ഞ സൗമ്യഭാഷകളുടെ ലളിത വായനയ്ക്ക് ത്വരകൊള്ളുന്ന കവി, പുതുകാലത്തിന്റെ വായ നാകൗശലങ്ങളെല്ലാം ചതിയൻ വളവുകൾ നിറഞ്ഞതാ ണെന്ന് (ഇരപിടുത്തം) കാണുന്നു. സങ്കേതബദ്ധനും സൂത്ര ശാലിയുമായ നിരൂപകനിൽ നിന്ന് രക്ഷപ്പെട്ട് തന്റെ നിലപാട് ഉപഹാസത്തോടെ അവതരിപ്പിച്ചിരിക്കുന്നു.

ചതികളേറിയ വാമനച്ചുവടുകൾ-
ക്കടിയിലമരുന്ന ജീവന്റെ യവസാന-
പഴുതിലൂടെ യിരമ്പുവാനൊരു പെരും-
ചുഴലിയാഴത്തിലുറയാതിരിക്കുമോ
(ഗോത്രഗതി)

ഇങ്ങനെ 'പുരാബിംബങ്ങ'ങ്ങളിലൂടെയാണെങ്കിലും മഹാബലിയുടെ ആത്മാവുള്ള ഒരു പെരുംചുഴലി വരുമെന്ന പ്രതീക്ഷയാണ് കവി പ്രകടിപ്പിക്കുന്നത്. മൂന്നാം ചുവടിലും ഗോത്രഗതിയിലും മറ്റുചില കവിതകളിലും ആവർത്തിക്കുന്ന ബലി-വാമനദ്വന്ദ്വം ഒരു ചാലകശക്തിയാണ്. ജീവിതത്തിന്റെ യും കവിതയുടെയും സമാലികച്യുതികളും തിരിച്ചറിയാൻ കൂടിയാണ് കവി നിലകൊള്ളുന്നത്. അറിഞ്ഞും അറിയാതെ യും ജീവിതത്തെ മൂടിപ്പൊതിഞ്ഞിരിക്കുന്ന മാമൂലുകൾ പോ ലെ, ആത്മാവു കെടുത്തുന്ന പല ആചാരങ്ങളും കവിതയെ യും വരൾച്ചയിലേക്കും മങ്ങൂഴത്തിലേക്കും എത്തിച്ചിട്ടുണ്ടാ കും. അവയെ ഭേദിക്കണം, മുന്നോട്ടുപോകണം. 'തപ്തമാന സ കാന്താരസീമ'കളിൽ നിന്നും 'നിർജലീകൃതകാലങ്ങളി'ൽ നിന്നും സ്വത്വ നിനവുകളുടെ പുതുമയിലേക്ക് കവി സഞ്ചരിക്കുകയാണ്. വാക്കിന്റെ വിശേഷമായ വിളക്കം തേടുന്ന കവി ശീലങ്ങളുടെ തടവിനെ തിരിച്ചറിഞ്ഞ് 'രഹസ്യങ്ങളുടെ രഹസ്യങ്ങളിലേക്ക് ഒതുങ്ങുന്ന കുള'ത്തിന്റെ ഭാഷ കണ്ടെത്തുന്നു. തന്റെ വാക്കിന്റെ വഴിവെട്ടുന്നു. 'തടവുജല'ത്തിൽ നിന്ന് മോചിതമാകുന്ന ഒരു

സമൂഹാസ്തിത്വമാണ് കവി പ്രതീ ക്ഷിക്കുന്നത്. അതിന്റെ ആവാഹന സൂചനകളാണ് തന്റെ വാക്കുകൾ.

2.

ഓരോ കവിതയും, ശീലകങ്ങളുടെ അറുത്തിട്ടുപോക്കാക ണം, ജീവിതത്തിന്റെ ഓരോ നിമിഷവും ആചാരശീലങ്ങളും ഉച്ചാടനമാവണം:

മൃത്യുവില്ലെനിക്കീമൗനകാലവു-
മുഷ്ണനിദ്രയും കൈവെടിഞ്ഞിട്ടു ഞാ-
നിപ്പുറന്തോടു പൊട്ടിച്ചു ജീവന്റെ
ഉത്സവങ്ങളായാടിത്തിമർത്തിടും.

ആവരണങ്ങൾ നീങ്ങിക്കിട്ടണം; ഇളക്കിമാറ്റണം. അപ്പോ ഴേ 'സത്യ സൗന്ദര്യങ്ങളുടെ സന്ദേശകാര'നാവൂ. വാക്കുകളു ടെ തോന്നലുകൾക്കായി സ്വയം വിന്യസനം ചെയ്തുപോരു ന്ന, 'വീണേടം വിഷ്ണുലോക'മായിത്തീരുന്ന, സൂത്രപ്പണി ഈ കവിതക ളിലില്ല. അനുഭവങ്ങളാണ് കവിയുടെ വാക്കു കൾ. അനുഭവങ്ങളുടെ കാലദേശസംസ്കൃതി എന്നു വിളിക്കാ വുന്ന ഒരു തട്ടകം ശിവദാസിന്റെ കവിതകളിലുണ്ട്. വാക്കുകളു ടെ തനിമയിലൂന്നുകയും ഭാവം കൊണ്ട് ഉൾക്കരുത്തുകാട്ടാതി രിക്കുകയും ചെയ്യുന്ന രചനാ കൗശലത്തിന്റെ കവിത എന്നും ഉണ്ട്. അവ കൊണ്ടാടപ്പെടുകയും ചെയ്യാറുണ്ട്. എന്നാൽ താൻ അനുഭവിക്കുന്ന ജനജീവിതത്തിൽ നിന്ന് ചീന്തിമാറ്റാൻ കഴി യാത്ത മൂലകങ്ങളുടെ, കല്പനാപരമായ പരിണാമത്തിലും പരിമാണത്തിലും ഊന്നുന്ന കവിയാണ് സംസ്കൃതിയുടെ അവകാശി. ഇവിടെ ചെറിയൊരു കാഴ്ചയിൽ പോലും പുതു കാല വാഴ്‌വിന്റെ 'പരസ്യതാള'വും 'തവണവ്യവസ്ഥ'കളുടെ ചതിക്കുഴികളും കവി വരച്ചിടുന്നു. (സൺഡേ)

കവിത ഖനനം ചെയ്യപ്പെടുന്ന
കണ്ണിന്റെ ആഴങ്ങളിൽ
കാരുണ്യത്തിന്റെ ആയിരം പടവുകൾ
(കവിമുഖം)

എന്ന് എഴുതുന്നവൻ ഇടനെഞ്ചിൽ കുഴിക്കുന്നവനാണ്. കാക്കാലനും കവിയും: കാക്കാലന്റെ നിലപാടിനെ ധർമസ ങ്കടത്തോടെ അംഗീകരിക്കുന്ന കവിയെ കാണേണ്ടത് ഈ അഭിസന്ധിയിലാണ്.

സത്യമല്ലാത്ത വാക്കുപേക്ഷിക്കുക
വ്യർത്ഥഭാഷ്യം ചമയ്ക്കാതിരിക്കുക

എന്ന് ഉപദേശിച്ച് കാക്കാലന്റെ വയറ്റുപ്പിഴപ്പായ പണിയെ മാറ്റിമറിക്കാനാവില്ല. അതിനാൽ കാക്കാലന്റെ മറുപടിയാണ് സത്യത്തിന്റെ മുഴക്കമായിത്തീരുന്നത്.

ജീവതം നുണയാകുന്ന കാലത്ത്
നേര് സർവർക്കുമപ്രിയമാകുന്നു
നേര് ചൊല്ലിക്കുലം മുടിക്കാതെന്റെ
നേരിലൂടെ നടന്നിറങ്ങട്ടെ ഞാൻ

എന്ന കാക്കാലവാക്യത്തിൽ കാലഘട്ടത്തിന്റെ ദുരന്തമറി യുന്ന കവിതയുടെ കറുത്ത ഉപഹാസം മുഴങ്ങുന്നുണ്ട്. ഇതാണ് കവിതയുടെ വളർച്ച. ഇന്നോളം വ്യുൽപാദിപ്പിക്ക പ്പെട്ട എത്രയോ അനുഭൂതിബിംബങ്ങളുണ്ട്. -ആ ചർവിതക ളെ വീണ്ടും ചവയ്ക്കാനല്ല; ഒരു തിരിവ് സാധിക്കുമോ എന്നാ ണ് കവിയുടെ നോട്ടം. അങ്ങനെയാണ് കാക്കാലനിലൂടെ കാലത്തിന്റെ നയവും അടവും പ്രദർശിപ്പിക്കപ്പെടുന്നത്. സത്യാസത്യങ്ങളുടെ ആപേക്ഷികതാളം സൃഷ്ടിക്കാൻ കഴിഞ്ഞതാണ് ഈ കവിതയുടെ നേട്ടം. അവനവന്റെ നേര് എന്താണെന്ന് കവി അന്വേഷിക്കുന്നു. എങ്ങനെ ഇവിടം ദുരന്തഭൂമിയായിത്തീർന്നുവെന്ന് കവി കാട്ടിത്തരുന്നു.

ഹരിതപത്രങ്ങൾതൻ ജടയിൽ നിന്നിളവെയിൽ-
ക്കവിതയും പൂവും കൊഴിഞ്ഞുപോകെ
വനലഹരിയിൽ നൃത്തമാടിയ മനസ്സിൽ നി-
ന്നുണർവിന്റെ ഗീതികൾ തോർന്നുപോകെ
ഒരുദിനം ഋതുകന്യകയ്ക്കൊപ്പമിവരുമീ
കടവുകളുപേക്ഷിച്ചു യാത്രയാകും
ഹിമമുദ്രകൾ മാഞ്ഞ പടവുകളിലൊക്കെയും
നിറമുള്ള തൂവലുകൾ ബാക്കിയാവും
(ദേശാടകർ)

കവിതയിലെ കാല്പനികത യാഥാർത്ഥ്യത്തിന്റെ മറുപുറ മാണ്. മറുപുറം തപ്പുന്നത് മർത്ത്യരീതിയെന്ന് വൈലോപ്പി ള്ളി. പ്രാകൃതനാണ് സാഹിത്യകാരൻ എന്നും അദ്ദേഹം പറ ഞ്ഞിട്ടുണ്ട്. ('കുടിയൊഴിക്കൽ'). പ്രകൃതിയുടെ രൂപകങ്ങളി ലൂടെ മനുഷ്യപ്രകൃതിയുടെ വ്യഞ്ജന നിർവഹിക്കുന്ന, വികാ രങ്ങളുടെ ചലന-നിശ്ചലതകളെ തൽസ്വരൂപങ്ങളായ പ്രാകൃ തികവിഭാവങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്ന രീതി; ചിലപ്പോൾ അമൂർത്തതയുടെ പരമാവധിയായ കടന്നുകയറ്റം; കാല്പനി ക പിരമിഡിന്റെ ഉച്ചിയിലിരുന്നു പാടുന്ന അനുഭവസ്ഥൻ- ഇതൊക്കെ കാല്പനിക കവിതയുടെ സ്വഭാവമാണെങ്കിൽ, കല്പനകളെ വെട്ടിമാറ്റിക്കിട്ടുന്ന പരുക്കൻ യാഥാർത്ഥ്യത്തിൽ എന്തൊരു കവിതയാണുണ്ടാവുക? മനുഷ്യമനസ്സിന് കൂടുതൽ യാഥാർത്ഥ്യത്തെത്താങ്ങാൻ കഴിയില്ലെന്ന് എലിയറ്റുപോലും പറഞ്ഞുപോയി. വാക്കിന്റെ വഴികൾ അനന്തമാണ്. പ്രസ്ഥാ നക്കല്ലറകളിൽ കവിതകളെ പിടിച്ചിടേണ്ടതില്ല. ഒന്നുണ്ട്; കാല്പനികതയ്ക്ക് സ്ഥിരമായ ചില സന്ധിബന്ധങ്ങൾ, രക്തപ്രവാഹരീതികൾ, സ്ഥായികൾ കണ്ടുവരുന്നു. ശിവദാ സന്റെ 'ദേശാടകർ' മുതലായ കവിതകൾ ഈ സാമാന്യത യിൽ വിശേഷമായിത്തീരാൻ ശ്രമിക്കുന്നവയാണ്. ഏറെക്കാലം കാല്പനിക വ്യവസ്ഥയുടെ ഗർഭകുടവും പേറി 'വിഭ്രമ ക്കുന്നു'കളിൽ കഴിയാനാവില്ല. അതിനാൽ ഇനി 'ഇറക്ക'മാ ണ്. സ്വന്തം വീട്ടിലേക്ക്. വീട് മിക്ക കവികൾക്കും 'അസ്കൃത' യുടെ രൂപകമാണ്; അസ്വസ്ഥതയുടെ അങ്കക്കളരിയാണ്. ചോർന്നൊലിക്കുന്ന മുറി, ചുമർചിത്രങ്ങൾ എന്നീ കവിതക ളും ഈ നിലയിൽ പ്രധാനമാകുന്നു.

3.

അന്ധകാരത്തിൽ നിന്നും കുതിച്ചുപെയ്യുന്ന മഴ- 'ചോർ ന്നൊലിക്കുന്ന മുറി' : ശീർഷക വിശേഷം കൊണ്ടും അതിന്നാ ധാരമായ അനുഭവതകൊണ്ടും ഓർമ്മയിൽ കൊത്തിവെച്ച പോലെ. അടക്കിപ്പിടിച്ച വലിയൊരു മുറിവാണത്. മുറിവു തന്നെ അതിന്റെ മരുന്ന്. മരണത്തിന്റെ വക്കോളമൊന്നു പോയി മാറിത്തിരിച്ചെത്തുവാനെടുക്കുന്ന കാലയളവ് ബാഹ്യാർത്ഥത്തിൽ ചെറുതാണ്. എന്നാൽ ആ പീഢാനുഭവത്തി ന്റെ കുറ്റിരുൾ മൂടിയ ആഴങ്ങളിലൂടെയുള്ള യാത്ര: ആ യാത്ര യുടെ അവസാനിപ്പിക്കലും പൊടുന്നനെ നരകത്തീയിൽ നി ന്നുമുകളിലേക്കുള്ള കുതിച്ചുകേറലും ഒരു നന്തനാർ അനുഭവ' മായിട്ടാണ് മലയാള സാഹിത്യത്തിൽ കേൾവിപ്പെട്ടിട്ടുള്ളത്. ഇവിടെ കവി തരുന്ന കാവ്യപാഠത്തിലെ ഭർത്താവും ഭാര്യയും മക്കളും വൈയക്തികാനുഭവത്തിന്റെ മൂലകങ്ങളായാലും വേണ്ടില്ല, സാമാന്യ ദുർഗതിയുടെ സൂചകങ്ങളായാലും വേ ണ്ടില്ല, സിരകൾ വലിഞ്ഞുമുറുകിപ്പൊട്ടുന്ന ഒരു ആരോഹണ ഗതിയും ഒടുവിൽ 'വയ്യെനിക്കണയ്ക്കുവാൻ/പ്രാണന്റെ വിളക്കുകൾ' എന്ന അവരോഹണഗതിയും -അവയ്ക്കിടയി ലുള്ള ഉള്ളത്തിന്റെ ഉലച്ചിലുകളും അവ പകർന്നുതരുന്ന പ്രതീകമാനമായ ബിംബവിന്യാസങ്ങളും -കൊണ്ട് ഇതാ ഇപ്പോൾത്തന്നനെ ഈ കവി ഒരു മാസ്റ്റർ പീസിന്റെ മനസ്സു ള്ളവനായിത്തീർന്നിരിക്കുന്നു.

'പാതിവെച്ചു മുറിഞ്ഞു പോകുന്നൊരീ
ആയുർരേഖയിലെത്രനാളുണ്ടിനി
കഷ്ടകാലങ്ങൾ തൻ വ്രണചിഹ്നങ്ങൾ
ഒക്കെയും നീ വിവർത്തനം ചെയ്യുക'

അനുഭവങ്ങളുടെ വിവർത്തകനാണ് താനെന്ന് കവി സൂചി പ്പിക്കുന്നു. കാക്കാലന് ഉപജീവനാർത്ഥം നുണപറയേണ്ടി വരു ന്നു. കവിക്ക് കാക്കാലനാവാൻ കഴിയില്ല. 'എഴുത്തോ നിന്റെ കഴുത്തോ' - എഴുത്തുതന്നെ പ്രധാനം. ആത്മഹത്യയുടെയും വംശഹത്യയുടെയും മുന്നറിയിപ്പുകൾ പോലും തരുവാൻ കവി ക്ക് കഴിഞ്ഞേയ്ക്കും. ആത്മഹത്യതന്നെയാണ് വംശഹത്യ യ്ക്കും നിദാനമെന്ന് തിരിച്ചറിയുന്ന കവി, ആ പീഢാനു ഭവത്തെ മുഖാമുഖം കണ്ട് നീർകെട്ടിയ മനസ്സോടെ വർത്തിച്ച്, ഭൂമിയെ മൂടിക്കെട്ടുന്ന നിശ്ശൂന്യത മുൻകൂട്ടിക്കണ്ട് അപമൃത്യു വിൻ സ്മൃതിമണ്ഡപവും വൃദ്ധരോഗി തൻ ചിരിയെന്ന പോലു റക്കത്തി/ചിതൽ തിന്നൊരുവാതിലുമാണ് ആത്മഹത്യകൊ ണ്ടുള്ള ഭാവിയെന്നറിഞ്ഞ്, വർത്തമാനദുരിതം തന്നെ അമൃതം എന്നറിഞ്ഞ് കൈയേൽക്കുന്നു.

ഇവിടെ മഴ മരണമാണ്; അതിനെ ജീവിതമാക്കിത്തീർക്കു ന്നു, കവി. 'ഭൂതമിങ്ങനെയാണെങ്കിലും നിറ/മേറിടുന്നൊരു ഭാവികാലം വരും' എന്ന കാക്കാലന്റെ നുണസത്യം (സത്യനു ണ) അനുപേക്ഷണീയമാവുന്നു. പ്രതീക്ഷാനിർഭരമായ ദുര ന്തം: പ്രതീക്ഷയുടെ സ്നിഗ്ധമായ മുളയ്ക്കലും വളരലും ഒടുങ്ങലും. അതിന്റെ സ്വാഭാവിക വൈപരീത്യങ്ങൾ: ആ വൈപരീത്യങ്ങളുടെ ആഴത്തട്ടിൽ കുടുങ്ങിപ്പോയ കവി മോചനത്തിന്റെയും അനിവാര്യമായ ഏകാന്തതയുടെയം സങ്കീർത്തനക്കാരനാകുന്നു; ഇരുണ്ട ഭൂഖണ്ഡങ്ങളിൽ 'അതീജീവനവഴികൾ' തേടുന്നു.

കവിത മഹത്തായൊരു അതിജീവനാവൃത്തിയാകുന്നു. അത് ഏകമുഖമല്ല. 'ഏകദിശോന്മുഖമാക്കാ വികാസങ്ങൾ/പൂവിരിയുന്നിതു പൂർണവൃത്തം' എന്ന് ഒരു കവി പറഞ്ഞി ട്ടുണ്ടല്ലോ.

പല ചിത്ര - രസങ്ങളുണ്ട് ചോർന്നൊലിക്കുന്ന മുറിയിലെ ചുമർചിത്രങ്ങളിൽ. പൊടുന്നനെ എല്ലാ ചിത്രങ്ങളും മാഞ്ഞു മറയും:

'ചിത്രങ്ങളൊന്നുമില്ലാത്ത കാലം
ചുമരുകളെല്ലാം ശൂന്യമാകുന്നു
എങ്കിലും
ഓരോ ചുമരും
ഉള്ളിന്റെയുള്ളിൽ
ഒരു ചിത്രം ഒളിപ്പിച്ചുവെക്കുന്നു.
ഒടുവിൽ
ഓരോ വീടും ആക്രമിക്കപ്പെടുമ്പോൾ
ഉയിർത്തെഴുന്നേൽക്കാൻ
മരണമില്ലാത്ത ഒരു ചിത്രം'

ആ 'ഭവിഷ്യത് ചിത്രപടം' ദർശിക്കുന്നവനാണ് ശിവദാസ്.

ചില കവികളുടെ കവിത സ്വന്തം വീട്ടിൽ ഒതുങ്ങുന്നു. ചിലരുടെ കവിത സുഹൃത്തിന്റെ അടുത്തുവരെ എത്തുന്നു. ചിലരുടെ കവിതയാകട്ടെ വിശ്വകുതൂഹലം പോലെ എല്ലാ ദിശകളിലും നിറഞ്ഞുനിൽക്കും -ഒരു ഭാരതീയാചാര്യൻ അങ്ങനെ പറഞ്ഞതോർക്കുന്നു ശിവദാസ് പുറത്തെ ഏരിയിൽ നിന്നും പുതിയ വാക്കുകളും അനുഭവങ്ങളുമായി നമ്മുടെ മനസ്സിലേയ്ക്കു കടന്നുവരുന്നു: അവ നമ്മുടെ നിനവുകളെ പ്രചോദിപ്പിക്കട്ടെ.

(2001)